<u>പതിമൂന്നാം കേരള നിയമസഭ</u>
<u>പതിനൊന്നാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6609 9.7.2014- ലെ മറുപടിക്ക്

## <u>ഉത്പന്നങ്ങളുടെ തരംതിരിവ്</u>

| <u>ചോദ്യം</u><br>ശ്രീ. കെ.കെ. നാരായണൻ | | <u>മറുപടി</u><br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|
| (എ) മുൻസർക്കാർ സൗന്ദര്യ വർദ്ധകവസ്തുക്കളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന ഉത്പന്നങ്ങൾ ആയുർവ്വേദ മരുന്നുകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് ഈ സർക്കാരിന്റെ കാലത്ത് ഗവൺമെന്റ് ഉത്തരവായത് എന്നാണ് എന്ന് വ്യക്തമാക്കാമോ ;<br><br>(ബി) ഈ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ ; | (എ) & (ബി) | അലോപ്പതി മരുന്നുകൾക്കൊപ്പം ആയുർവ്വേദ മരുന്നുകൾക്കും കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം 31.03.2012 വരെ 4 ശതമാനം ആയിരുന്നു നികുതി. ഡ്രഗ് ലൈസൻസിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന കോസ്മെറ്റിക് വിഭാഗത്തിൽപ്പെട്ട ഉൽപ്പന്നങ്ങളുടെ നികുതി നിരക്ക് ഈ നിയമത്തിന്റെ തുടക്കം മുതൽ തന്നെ ഒരു തർക്കവിഷയമായിരുന്നു. ഇതിനെത്തുടർന്ന് ചില വ്യാപാരികൾ വകുപ്പ് 94 പ്രകാരം സ്പഷ്ടീകരണം ആവശ്യപ്പെടുകയും അതിൻപ്രകാരം 12.11.2009-ൽ വാണിജ്യ നികുതി കമ്മീഷണർ പുറപ്പെടുവിച്ച ഉത്തരവിൽ ഇത്തരം ഉത്പന്നങ്ങൾക്ക് 12.5 ശതമാനം ആണ് നികുതിയെന്ന് വ്യക്തമാക്കുകയും ചെയ്തു. ഇതിനെതിരെ നൽകിയ അപ്പീലിൽ ബഹു. ഹൈക്കോടതി ക്ളാരിഫിക്കേഷൻ ഉത്തരവിനെ ശരിവെക്കുകയാണ് ഉണ്ടായത്.<br><br>വ്യാപാരികൾ ഈ ഉൽപ്പന്നങ്ങൾക്ക് നാലു ശതമാനം നികുതിയേ പിരിച്ചിരുന്നുള്ളു എന്നത് കണക്കിലെടുത്ത്, മുൻകാല ബാധ്യത ഈ മേഖലയ്ക്ക് താങ്ങാവുന്നതിലപ്പുറമാണെന്ന് മനസ്സിലാക്കിയതിനാൽ കമ്മീഷണറുടെ ക്ളാരിഫിക്കേഷൻ പുറത്തിറങ്ങുന്നതിനു മുമ്പുള്ള കാലത്തെ നികുതി വർദ്ധന ഒഴിവാക്കുന്നതാണെന്ന് 2011-12-ലെ ബജറ്റ് പ്രസംഗത്തിൽ പ്രസ്താവിക്കുകയുണ്ടായി. 2011-12-ലെ ഇടക്കാല ബജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ടി നികുതി നിർദ്ദേശത്തിന് കേരള ധനകാര്യ നിയമം 2011 പ്രകാരം പ്രാബല്യം നൽകുകയുണ്ടായി. ഇതനുസരിച്ച് ഡ്രഗ് ലൈസൻസിന്റെ |

| | | |
|---|---|---|
| | | അടിസ്ഥാനത്തിൽ ഉല്പ്പാദിപ്പിക്കുന്ന ആയുർവ്വേദ സൗന്ദര്യവർദ്ധക വസ്തുക്കളുടെ നികുതി നിരക്ക് 1.4.2005 മുതൽ 12.11.2009 വരെ 4 ശതമാനമായി ധനകാര്യ നിയമം 2011 മുഖേന നിജപ്പെടുത്തി തുടർന്ന്, ഈ സർക്കാർ കേരള ധനകാര്യ നിയമം 2012 പ്രകാരം ആയുർവ്വേദ സൗന്ദര്യവർദ്ധക വസ്തുക്കളെ മൂന്നാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിക്കൊണ്ട് നികുതി നിരക്ക് 1.4.2012 മുതൽ 5 ശതമാനമായി കുറവ് ചെയ്തു. |
| (സി) ഇത്തരം ഉത്പന്നങ്ങളുടെ നികുതി ഇളവിന് സർക്കാർ മുൻകാല പ്രാബല്യം തീരുമാനിച്ചിട്ടുണ്ടോ ;<br><br>(ഡി) ഉണ്ടെങ്കിൽ ഈ ഉത്തരവിന്റെ കോപ്പിയും ഇതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ ; | (സി) & (ഡി) | 13.11.2009 മുതൽ 31.3.2012 വരെയുള്ള കാലയളവിൽ ഡ്രഗ് ലൈസൻസിന്റെ അടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്ന ആയുർവ്വേ കോസ്മെറ്റിക് ഉല്പന്നങ്ങളുടെ നികുതി നിരക്ക് 12.5 ശതമാനത്തിൽ നിന്നും 4 ശതമാനമായി കുറയ്ക്കുമെന്നും വ്യാപാരികൾ ഉയർന്ന നികുതി പിരിച്ചിട്ടുണ്ടെങ്കിൽ അത് സർക്കാരിലേക്ക് ഒടുക്കേണ്ടതാണെന്നും ഉയർന്ന നിരക്കിൽ സർക്കാരിലേക്ക് ഒടുക്കിയ നികുതി തിരികെ നൽകുന്നതല്ല എന്നും 2014-15 ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതുപ്രകാരം 13.11.2009 മുതൽ 31.3.2012 വരെ മേൽപ്പടി ഉല്പന്നത്തിന്റെ നികുതി നിരക്ക് 4 ശതമാനം ആക്കി മുൻകാല പ്രാബല്യം നൽകിക്കൊണ്ട് കേരള ധനകാര്യ ബിൽ 2014 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഇ) ഈ മുൻകാല പ്രാബല്യം കൊണ്ട് സർക്കാരിൽ അടച്ച എത്ര രൂപ ഇത്തരം കമ്പനികൾക്ക് തിരിച്ചു നൽകേണ്ടി വരും എന്ന് കണക്കാക്കിയിട്ടുണ്ടോ<br>(എഫ്) ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ? | (ഇ) & (എഫ്) | ഉയർന്ന നിരക്കിൽ സർക്കാരിലേക്ക് ഒടുക്കിയ നികുതി തിരികെ നൽകുന്നതല്ല എന്ന് 2014-15 ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ